കേരള സർക്കാർ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2018/1515 (28)

തീയതി : 03.05.2018

## സർക്കുലർ

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രൊജക്ടർ മൗണ്ടിംഗിനും ഭിത്തി പെയിന്റുചെയ്ത് വൈറ്റ് സ്ക്രീൻ തയ്യാറാക്കുന്നതിനുമുള്ള തുക ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. സ. ഉ(സാധാ) നം. 1827/2017/പൊ.വി.വ തീയതി 06.06.2017.
2. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 06.07.2017 ലെ APR-1/76/2017/KIIFB നമ്പർ നടപടിക്രമ ഉത്തരവ്.
3. 01.12.2017 ലെ കൈറ്റിന്റെ ഡയറക്ടർ ബോർഡ് യോഗത്തിന്റെ മിനിറ്റ്സ്.
4. 19.12.2017-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുവിദ്യാഭ്യാസ വകുപ്പിലെ ഡയക്ടർമാരുടെ മിനിറ്റ്സ്
5. സ.ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018
6. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 09.02.2018 ലെ APR 2/332/2017/KIIFB നമ്പർ കത്ത്.
7. ഈ ഓഫീസിലെ 16.02.2017 ലെ KITE/2018/1515 (22) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള ക്ലാസ് മുറികളിൽ പ്രൊജക്ടറും സ്ക്രീനും സ്ഥാപിക്കുന്നതിനും ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ തയ്യാറാക്കുന്നതിനും സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിന് സൂചന 7 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് നൽകുന്ന തുക സമയബന്ധിതമായും ഫലപ്രദമായും ഉപയോഗിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കുന്നതിന് ഒന്നാം ഘട്ടത്തിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത പ്രൊജക്ടറുകൾ മൗണ്ട് ചെയ്യുന്നതിനും ടി ക്ലാസ് മുറികളിൽ വൈറ്റ് സ്ക്രീൻ ഉറപ്പിക്കുന്നതിനും ഭിത്തി പെയിന്റ് ചെയ്ത് വൈറ്റ് സ്ക്രീൻ തയ്യാറാക്കുന്നതിനും സ്കൂളുകൾ ആവശ്യപ്പെട്ട തുക കൈറ്റ് ജില്ലാ ഓഫീസ് മുഖേന സ്കൂളുകൾക്ക് ലഭ്യമാക്കുന്നതാണ്. സൂചന 7 ലെ നിർദ്ദേശങ്ങളനുസരിച്ച് പ്രസ്തുത തുക വിനിയോഗിക്കേണ്ടതാണ്.

2. ക്ലാസ് റൂം ഇലക്ട്രിഫിക്കേഷൻ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് സ്ഥാപിക്കൽ, ക്ലാസ് മുറിയിലെ ഭിത്തി വൈറ്റ് സ്ക്രീൻ ആക്കുന്നതിന് പെയിന്റ് ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂൾ ചെയ്യുന്ന പക്ഷം പൂർണമായി ഗുണമേന്മ ഉറപ്പുവരുത്തുമെന്ന് സൂചന 5 പ്രകാരം സ്കൂളുകൾ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഉത്തരവ് അനുസരിച്ച് ടി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

3. അദ്ധ്യയന വർഷം ആരംഭിക്കുന്നതുമുതൽ (2018 ജൂൺ 1) കുട്ടികൾക്ക് ഐ.സി.ടി. ഉപകരണങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുള്ളതിനാൽ 2018 മെയ് 18 നകം പ്രൊജക്ടർ മൗണ്ടിംഗ്, വൈറ്റ് സ്ക്രീൻ സജ്ജമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂളുകൾ പൂർത്തിയാക്കേണ്ടതാണ്.

4. സ്കൂളുകൾ survey.itschool.gov.in മുഖേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുക ജില്ലാ ഓഫീസിലേയ്ക്ക് ലഭ്യമാക്കുന്നതാണ്. ഓരോ സ്കൂളിനും അർഹമായ തുക സൂചന 7 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നൽകേണ്ടതും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കൃത്യമായ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ നടത്തേണ്ടതുമാണ്.

5. സ്കൂളുകൾക്ക് ലഭ്യമാക്കുന്ന തുകയുടെ ഉപയോഗ സർട്ടിഫിക്കറ്റും പ്രവൃത്തി നടത്തിയത് സംബന്ധിച്ച റിപ്പോർട്ടും അതത് ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് 2018 മെയ് 31 നകം സ്കൂൾ അധികൃതർ ലഭ്യമാക്കേണ്ടതാണ്.

**വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
} ആമുഖ കത്ത് സഹിതം
എല്ലാ ആർ.ഡി.ഡി./എ.ഡി. മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും